306(ലീ/18

"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഇ17-10215/2018/സിഇ/തസ്വഭവ

തീയതി: 14.11.2018

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - 'MEDISEP' പദ്ധതിയിലേയ്ക്ക് ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിലെ 03.10.2018 - ലെ ഇതേ നമ്പർ സർക്കുലർ

മേൽ സൂചന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കായി ആവിഷ്കരിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയായ 'MEDISEP' - ൽ ഈ കാര്യാലയത്തിന് കീഴിലുള്ള ജീവനക്കാരുടെ വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31.10.2018 - ന് അവസാനിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ, തങ്ങളുടെ കീഴിൽ വരുന്ന ജീവനക്കാരുടെ വിവരങ്ങൾ സമർപ്പിക്കുന്നതിന് ഡി.ഡി.ഒ / നിയന്ത്രണാധികാരികൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ടി ജീവനക്കാരുടെ വിവരങ്ങൾ നിർദ്ദിഷ്ട ഗൂഗിൾ പ്രൊഫോർമയിൽ 20.11.2018 - ന് മുൻപായി സമർപ്പിക്കേണ്ടതാണ്. ടി കാലാവധി യാതൊരു കാരണവശാലും നീട്ടി നൽകുന്നതല്ല.

ഈ സാഹചര്യത്തിൽ എല്ലാ ഡി.ഡി.ഒ / നിയന്ത്രണാധികാരികൾ തങ്ങളുടെ അധികാരപരിധിയ്ക്ക് കീഴിൽ വരുന്ന അർഹരായ എല്ലാ ജീവനക്കാരുടെയും, അവരുടെ ആശ്രിതരുടെയും വിവരങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് ആവർത്തിച്ച് ഉറപ്പുവരുത്തേണ്ടതും, ടി വിവരം ഒരു സ്ഥിരീകരണ സന്ദേശമായി (Confirmation Message) തങ്ങളുടെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിൽ നിന്നും 20.11.2018 - ന് മുൻപായി celsgdmedisep@gmail.com എന്ന വിലാസത്തിൽ അയച്ചുനൽകേണ്ടതുമാണ്.

**ഈ അറിയിപ്പ് അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.** മേൽ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ

എസ്:എ/